വ്യാജ മരുന്ന് വിതരണം തടയാൻ നടപടി

7 (*307)ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. എ. കണാരൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പല ഭാഗത്തും രഹസ്യമാർഗ്ഗത്തിലൂടെ ഗുണനിലവാരം കുറഞ്ഞ വ്യാജമരുന്ന് വിതരണം നടത്തിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) എങ്കിൽ ഇത് സംബന്ധിച്ച് ആരോഗ്യവകുപ്പ് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ;

(സി) വ്യാജമരുന്ന് വിതരണം സംബന്ധിച്ച് സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഡ്രഗ്സ് കൺട്രോൾ അധികൃതർ പരിശോധന നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കഴിഞ്ഞ രണ്ട് മാസത്തിനകം തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് നഗരങ്ങളിൽ ഗുണനിലവാരം കുറഞ്ഞ മരുന്നുകളും വ്യാജ ഉൽപ്പന്നങ്ങളും കണ്ടെത്തിയിരുന്നോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഏറെ ഉപയോഗിക്കുന്ന ആന്റിബയോട്ടിക്കുകളാണ് വ്യാജമരുന്നുകളിൽ കൂടുതലുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന വ്യാജമരുന്ന് സംഘങ്ങളുടെ പ്രവർത്തനം ഫലപ്രദമായി തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) ഒരേ മരുന്നുതന്നെ പല ലേബലുകളിൽ വിലകൂട്ടി വില്പന നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) ഇല്ല.

(ബി)&(സി) ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ കാലാകാലങ്ങളിൽ മരുന്ന് വിൽപ്പനശാലകൾ പരിശോധിച്ച് വരുന്നതല്ലാതെ ഇതിനായി പ്രത്യേകം പരിശോധനയൊന്നും നടത്തിയിട്ടില്ല.

(ഡി) ഗുണനിലവാരം കുറഞ്ഞ മരുന്നുകളോ വ്യാജമരുന്നുകളോ ഒന്നും തന്നെ ഈ നഗരങ്ങളിൽ നിന്നും കണ്ടെത്തിയിട്ടില്ല.

(ഇ) ഇല്ല.

(എഫ്) ഫലപ്രദമായ നടപടിക്രമങ്ങൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്.

(ജി) ഇല്ല

(എച്ച്) ഇല്ല. നിശ്ചിത വിലയ്ക്ക് ഔഷധങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly